**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1179** **12-02-2025 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥാ വ്യതിയാനം പരിഗണിച്ചുള്ള പ്രവർത്തന കലണ്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനം മൂലമുള്ള അതിതീവ്ര പ്രകൃതി പ്രതിഭാസങ്ങളെയുൾപ്പെടെ പരിഗണിച്ച് പൊതുമരാമത്ത് വകുപ്പ് പ്രവർത്തന കലണ്ടർ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പ്രവൃത്തികൾ അനുകൂല കാലാവസ്ഥയിൽ തന്നെ പൂർത്തിയാക്കത്തക്ക രീതിയിൽ പ്രവൃത്തി ക്രമീകരണം നടത്താനായി മിഷൻ മീറ്റിംഗിൽ ചീഫ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുകയും, അത്തരത്തിൽ നടപ്പിലാക്കി വരുന്നുമുണ്ട്. കൂടാതെ കാലാവസ്ഥയേയും വർഷ പാതത്തേയും പരിഗണിച്ചാണ് നിലവിൽ നിർമ്മാണ പ്രവൃത്തികൾക്ക് സമയം നിശ്ചയിച്ച് അനുമതി നൽകുന്നത്.<br><br>പൊതുമരാമത്ത് പ്രവൃത്തികൾ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കണ്ട്രോൾ മാന്വൽ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗ രേഖകൾ പാലിച്ചുകൊണ്ടാണ് നിർവ്വഹിക്കപ്പെടുന്നത്. ആയതിനാൽ ഗുണനിലവാരത്തിൽ ഇടിവു സംഭവിക്കുന്നില്ല. പ്രവചനാതീതമായ അതിതീവ്രമായ മഴ മൂലം പ്രവൃത്തിക്ക് കാലതാമസം ഉണ്ടാകുമ്പോൾ പൊതുമരാമത്ത് വകുപ്പ് മാന്വൽ നിഷ്കർഷിക്കുന്ന പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നുണ്ട്. |
| (ബി) | കാലാവസ്ഥയേയും വർഷപാതത്തേയും പരിഗണിയ്ക്കാതെ നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകി ടെണ്ടർ നടപടികൾ നടത്തുന്നതുമൂലം ഇവയുടെ പൂർത്തീകരണത്തിന് കാലതാമസവും ഗുണനിലവാരത്തിൽ ഇടിവും സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) | ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പ്രവൃത്തികൾ അനുകൂല കാലാവസ്ഥയിൽ തന്നെ പൂർത്തിയാക്കത്തക്ക രീതിയിൽ പ്രവൃത്തി ക്രമീകരണം നടത്താനായി മിഷൻ മീറ്റിംഗിൽ ചീഫ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുകയും, അത്തരത്തിൽ നടപ്പിലാക്കി വരുന്നുമുണ്ട്. കൂടാതെ കാലാവസ്ഥയേയും വർഷ പാതത്തേയും പരിഗണിച്ചാണ് നിലവിൽ നിർമ്മാണ പ്രവൃത്തികൾക്ക് സമയം നിശ്ചയിച്ച് അനുമതി നൽകുന്നത്.<br><br>പൊതുമരാമത്ത് പ്രവൃത്തികൾ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കണ്ട്രോൾ മാന്വൽ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗ രേഖകൾ പാലിച്ചുകൊണ്ടാണ് നിർവ്വഹിക്കപ്പെടുന്നത്. |

| | | | |
|---|---|---|---|
| | | | ആയതിനാൽ ഗുണനിലവാരത്തിൽ ഇടിവു സംഭവിക്കുന്നില്ല. പ്രവചനാതീതമായ അതിതീവ്രമായ മഴ മൂലം പ്രവൃത്തിക്ക് കാലതാമസം ഉണ്ടാകുമ്പോൾ പൊതുമരാമത്ത് വകുപ്പ് മാന്വൽ നിഷ്കർഷിക്കുന്ന പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നുണ്ട്. |
| (സി) | ഇത്തരത്തിലുള്ള ന്യൂനതകൾ പരിഹരിക്കുവാൻ പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പ്രവൃത്തികൾ അനുകൂല കാലാവസ്ഥയിൽ തന്നെ പൂർത്തിയാക്കത്തക്ക രീതിയിൽ പ്രവൃത്തി ക്രമീകരണം നടത്താനായി മിഷൻ മീറ്റിംഗിൽ ചീഫ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുകയും, അത്തരത്തിൽ നടപ്പിലാക്കി വരുന്നുമുണ്ട്. കൂടാതെ കാലാവസ്ഥയേയും വർഷ പാതത്തേയും പരിഗണിച്ചാണ് നിലവിൽ നിർമ്മാണ പ്രവൃത്തികൾക്ക് സമയം നിശ്ചയിച്ച് അനുമതി നൽകുന്നത്.<br><br>പൊതുമരാമത്ത് പ്രവൃത്തികൾ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കണ്ട്രോൾ മാന്വൽ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗ രേഖകൾ പാലിച്ചുകൊണ്ടാണ് നിർവ്വഹിക്കപ്പെടുന്നത്. ആയതിനാൽ ഗുണനിലവാരത്തിൽ ഇടിവു സംഭവിക്കുന്നില്ല. പ്രവചനാതീതമായ അതിതീവ്രമായ മഴ മൂലം പ്രവൃത്തിക്ക് കാലതാമസം ഉണ്ടാകുമ്പോൾ പൊതുമരാമത്ത് വകുപ്പ് മാന്വൽ നിഷ്കർഷിക്കുന്ന പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ